പതിനാലാം കേരളനിയമസഭ

# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5994 — 04/07/2019 മറുപടിയ്ക്ക്

## വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കറയ്ക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, എ.പി. അനിൽ കുമാർ<br>,, അൻവർ സാദത്ത് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനെ കുറിച്ച് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനെ കുറിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം 2017-18 അധ്യയന വർഷം വിശദമായ സർവ്വേ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ കൊഴിഞ്ഞുപോയ മുഴുവൻ കുട്ടികളുടെയും മറ്റ് ജില്ലകളിൽ തെരെഞ്ഞെടുത്ത കുട്ടികളുടെയും വീടുകൾ സന്ദർശിച്ചാണ് സർവ്വേ നടത്തിയിട്ടുള്ളത്. |
| (ബി) | കുട്ടികൾ പഠനം ഉപേക്ഷിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കുട്ടികൾ പഠനം ഉപേക്ഷിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പിതാവിന്റെ മദ്യപാനം മൂലം പഠനം ഉപേക്ഷിച്ചവർ എത്ര ശതമാനമുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | (സി) | മദ്യപാനം മറ്റ് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്നിവയിലൂടെ അശാന്തമാക്കപ്പെടുന്ന കുടുംബാന്തരീക്ഷം മൂലം സർവ്വേ ചെയ്യപ്പെട്ടവരിൽ 11% പേർ പഠനം ഉപേക്ഷിച്ചതായി കണ്ടെത്തി യിട്ടുണ്ട്. |
| (ഡി) | വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിന് എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | പൊതുവിദ്യാലയങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിന് ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ കൊഴിഞ്ഞുപോയ വിദ്യാർത്ഥികളെ കണ്ടെത്തി അവരെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ എസ്.സി, എസ്.ടി വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ് നൽകുന്നത് വഴി ഈ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.<br>ഹയർ സെക്കന്ററി വിഭാഗത്തിൽ ഇത് സംബന്ധിച്ച് പഠനം ഒന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ